# അൽമായവേദി

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ മുഖപത്രം

 പ. വട്ടശ്ശേരിൽ തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ സപ്ലിമെന്റ്

2008 ഫെബ്രുവരി 16




**മുഖലേഖനം**

## പ. വട്ടശ്ശേരിൽ തിരുമേനിയും മലങ്കരസഭയും

സഭാപിതാക്കന്മാരെപ്പറ്റി രേഖപ്പെടുത്തുമ്പോൾ ചരിത്രം ചില ബഹുമതിമുദ്രകൾ ചാർത്തിക്കൊടുക്കാറുണ്ട് – പ്രാർത്ഥനാ വീരൻ, വിശ്വാസ സംരക്ഷകൻ, വേദശാസ്ത്ര വിശാരദൻ, ആരാധനാ പണ്ഡിതൻ, പ്രഗത്ഭനായ ഭരണകർത്താവ്, ഉത്തമ ഗുരുനാഥൻ എന്നിങ്ങനെയെല്ലാം. എന്നാൽ ഒന്നിലേറെ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള പിതാക്കന്മാരെയും ഇതിലേതെങ്കിലുമൊരു കള്ളിയിൽ തളച്ചിടുകയാണ് പതിവ്. പ. പരുമല തിരുമേനിയുടെ കാര്യം തന്നെ ഉദാഹരണം. തിരുമനസ്സിലെ പ്രാർത്ഥന നോമ്പുപവാസങ്ങളിലെ നിഷ്ഠകൾ അനേക തലമുറകൾക്ക് പ്രചോദനമാകേണ്ടതാണെങ്കിൽ കൂടി ഹരിജനോദ്ധാരണം, വിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങൾ, ഭരണപാടവം എന്നിങ്ങനെയുള്ള മേഖലകളിലെ സംഭാവനകൾ വിസ്മരിക്കപ്പെട്ടു പോവുകയാണ്.

എന്നാൽ പ. വട്ടശ്ശേരിൽ തിരുമേനിയെപ്പറ്റി രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ പരിശോധിച്ചാൽ മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനും സ്വയംശീർഷകത്വത്തിനും വേണ്ടി തിരുമേനി നടത്തിയ പോരാട്ടങ്ങൾക്കു ലഭിച്ച പ്രാധാന്യം കൊണ്ട് അദ്ദേഹത്തിന്റെ സൽപ്പേരിനുണ്ടായ ദോഷങ്ങൾ പലതാണ്. കേസുകൾ നടത്തി വിജയിച്ച സഭാതലവൻ എന്ന ഒരു ഇരുതലവാളാണ് തിരുമനസ്സിനെക്കുറിച്ചുള്ള ശരാശരി വിശ്വാസിയുടെ സങ്കൽപ്പം. വേദശാസ്ത്രരംഗത്തു നടത്തിയ പ്രവർത്തനങ്ങൾ, വിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങൾ, സഭയുടെ കെട്ടുപണിക്കും വ്യവസ്ഥാപിത പ്രവർത്തനങ്ങൾക്കുമുള്ള പ്രയത്നങ്ങൾ, സന്യാസപ്രസ്ഥാനത്തിന്റെ പ്രചോദകൻ, പ്രാർത്ഥനാ മനുഷ്യൻ എന്നിങ്ങനെയുള്ള വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾ തികച്ചും വിസ്മരിക്കപ്പെട്ടിരിക്കുകയാണ്.

മഹാകവി വള്ളത്തോൾ ചാർത്തിക്കൊടുത്ത മലങ്കരസഭാ ഭാസുരൻ എന്ന അഭിനാമം എത്രയും അന്വർത്ഥമായ ഒന്നാണ്. സഭാ പ്രവർത്തനത്തിന്റെ ഓരോ മുക്കിലും മൂലയിലും വെളിച്ചവും ഊർജ്ജവും പകർന്ന്, ജ്വലിപ്പിക്കേണ്ടവയെ ജ്വലിപ്പിച്ചും ദഹിപ്പിക്കേണ്ടവയെ ദഹിപ്പിച്ചും സഭയുടെ അടിസ്ഥാനങ്ങളെ ബലപ്പെടുത്തിയ തിരുമനസ്സിലെ സമഗ്ര സംഭാവനകളെ ജനസാമാന്യത്തിനെത്തിക്കുക എന്നതാവണം ഈ ഓർമ്മപ്പെരുന്നാളിന്റെ ലക്ഷ്യം. വട്ടിപ്പണക്കേസ്, സമരിക്കേസ്, സസ്പെൻഷൻ കേസ് എന്നിങ്ങനെ പല പേരുകളിലറിയപ്പെടുന്ന കേസുകളൊന്നും വട്ടശ്ശേരിൽ തിരുമേനി കൊടുത്തവയല്ല. വട്ടിപ്പണക്കേസു കൊടുത്തത് ഈസ്റ്റിൻഡ്യാക്കമ്പനിയാണ്. അബ്ദുള്ളാ പാത്രിയർക്കീസ് പുറപ്പെടുവിച്ച കുപ്രസിദ്ധമായ മുടക്കിനെത്തുടർന്ന് അന്നത്തെ ബാവാക്കക്ഷിക്കാർ ബദൽ മലങ്കര മെത്രാപ്പോലീത്തായായി കൊച്ചുപറമ്പിൽ കൂറിലോസ് മെത്രാനെ തിരഞ്ഞെടുക്കുകയും സി. ജെ. കുര്യനും കോനാട്ടു മാത്തൻ മല്പാനും അദ്ദേഹത്തോട് ചേർന്ന് വട്ടിപ്പണത്തിന്റെ പലിശയ്ക്ക് അവകാശവാദമുന്നയിക്കുകയും ചെയ്തതായിരുന്നു വട്ടിപ്പണക്കേസിന്റെ കാരണം. മറുപക്ഷം ചേർന്ന ട്രസ്റ്റിമാർക്ക് പകരം നിയമാനുസൃത അസ്സോസിയേഷൻ തിരഞ്ഞെടുത്ത ചിറക്കടവിൽ കോരുള കൊച്ചുകോരുള, പാലപ്പള്ളിൽ മാണി പൗലോസ് കത്തനാർ എന്നിവരും മലങ്കര മെത്രാപ്പോലീത്തായും വട്ടിപ്പണത്തിന്റെ പലിശയ്ക്ക് അവകാശവാദമുന്നയിച്ചു. വട്ടിപ്പണത്തിന്റെ മൂലധനത്തിന്റെ കസ്റ്റോഡിയന്മാരായ ഈസ്റ്റിൻഡ്യാക്കമ്പനി യഥാർത്ഥ അവകാശിയെ നിർണ്ണയിച്ച് തരുവാനാവശ്യപ്പെട്ട് ഫയൽ ചെയ്തതാണ് വട്ടിപ്പണക്കേസ്. ഈസ്റ്റിൻഡ്യാക്കമ്പനിയുടെ താല്പര്യം യഥാർത്ഥ അവകാശിയാര് എന്നറിയുന്നതിൽ പരിമിതപ്പെട്ടിരുന്നതിനാൽ കേസിന്റെ സൗകര്യത്തിനു വേണ്ടി വട്ടശ്ശേരിൽ തിരുമേനി, പാലപ്പള്ളിൽ മാണി പൗലൂസ് കത്തനാർ, കോരുള കൊച്ചുകോരുള എന്നിവരെ വാദികളായും, കൊച്ചുപറമ്പിൽ പൗലൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ, സി. ജെ. കുര്യൻ, കോനാട്ട് മാത്തൻ മല്പാൻ എന്നിവരെ പ്രതികളായും കോടതി തീരുമാനിക്കുകയാണുണ്ടായത്.

വട്ടശ്ശേരിൽ തിരുമേനിയിൽ നിന്നും സെമിനാരിയുടെ കൈവശാവകാശം വിടർത്തിക്കിട്ടുവാൻ സി. ജെ. കുര്യനും കോനാട്ട് മാത്തൻ മല്പാനും ചേർന്ന് നൽകിയതായിരുന്നു സമരിക്കേസ് എന്നറിയപ്പെട്ടിരുന്ന കേസ്. സസ്പെൻഷൻ കേസ് എന്നൊന്ന് കെട്ടിച്ചമച്ചത് ശീമമെത്രാനായ മാർ യൂലിയോസും അദ്ദേഹത്തിന്റെ ചില പാർശ്വവർത്തികളുമാണ്. തന്നിലർപ്പിക്കപ്പെട്ടിരുന്ന വിശ്വാസത്തോടും മലങ്കരസഭയുടെ പൂർവ്വീകമായ സ്വയംഭരണാധികാരത്തോടും പ്രതിബദ്ധതയുള്ള വട്ടശ്ശേരിൽ തിരുമേനിക്ക് ഈ കേസുകളിൽ മലങ്കരസഭയ്ക്കു വേണ്ടി പ്രതിയായും സാക്ഷിയായുമൊക്കെ കോടതി കയറേണ്ട ദുര്യോഗമുണ്ടായി. ആ മുൾക്കിരീടം മരണാനന്തരവും തിരുമേനി ചൂടുന്നു. രക്തസാക്ഷിയായ സഹദാ ആയില്ലെങ്കിലും പീഡയനുഭവിച്ച മൗദ്യോനോ എന്ന പദവിയ്ക്ക് അദ്ദേഹം തീർച്ചയായും അർഹനാണ്. സഹദാമാരുടെ പീഡനങ്ങൾ മരണത്തോടെ അവസാനിക്കുമെങ്കിലും മരണാനന്തരവും പീഡയനുഭവിക്കുന്ന അപൂർവ്വം പരിശുദ്ധന്മാരിൽ പ. തിരുമേനി അഗ്രഗണ്യനാണ്.

ജീവിതകാലത്തും അതിനുശേഷവും സഹദായായിരിക്കുന്ന മഹാപരിശുദ്ധനാണ് വട്ടശ്ശേരിൽ തിരുമേനി. സ്വാഭാവികമായ ഒരു മരണം സിദ്ധിക്കുവാൻ ഭാഗ്യമുണ്ടായി എന്നതൊഴിച്ചാൽ ആജീവനവുമനന്തരവും സഹദായായ പരിശുദ്ധനാണ് പ. തിരുമേനി. അന്ത്യോഖ്യാ പാത്രിയർക്കീസിന് ഭൗതികാധികാരം അംഗീകരിച്ചുകൊണ്ടുള്ള ഒരു രേഖ കൊടുക്കുവാൻ വട്ടശ്ശേരിൽ തിരുമേനി തയ്യാറായിരുന്നുവെങ്കിൽ തന്റെ ജീവിതകാലം യാതൊരലച്ചിലുമില്ലാതെ കഴിയുവാൻ അദ്ദേഹത്തിന് സാധിക്കുമായിരുന്നു. എന്നാൽ വിശാലമായതും സുഖപ്രദവുമായ ആ പാത തിരഞ്ഞെടുക്കാതെ കല്ലും മുള്ളും നിറഞ്ഞതും വീതി കുറഞ്ഞതുമായ പാതയിലൂടെ സഞ്ചരിക്ക വഴി സ്വന്തം ജീവിതം മലങ്കരസഭയ്ക്കു വേണ്ടി യാഗമായി അർപ്പിക്കയായിരുന്നു ആ പുണ്യചരിതൻ.

ചരിത്രത്തിന്റെ ഗതി തനിക്ക് ഏറ്റവും പ്രതികൂലമായിരുന്ന ഘട്ടത്തിൽ പോലും സഭയെ പിളർത്തിയോ, വിഭജിച്ചോ സ്വന്തം സ്ഥാനം നിലനിർത്തുക എന്ന എളുപ്പവഴി തിരുമേനി സ്വീകരിച്ചില്ല. റോമാ സഭയും മാർത്തോമ്മാ സഭയും രണ്ടുകയ്യും നീട്ടി സ്വീകരിക്കുമെന്നറിഞ്ഞിട്ടും "എന്റെ കഴുത്ത് മുറിച്ചാൽ പോലും അങ്ങിനെയൊന്നിന് വഴിപ്പെടുകയില്ല" എന്ന് ഗർജ്ജിച്ച ആ സിംഹത്തെ രോമാഞ്ചത്തോടെയല്ലാതെ മലങ്കര നസ്രാണിക്ക് സ്മരിക്കുവാനാവില്ല. സഭാസമാധാനത്തിനുള്ള വാതായനങ്ങൾ എല്ലായ്പ്പോഴും തുറന്നിട്ടിരുന്ന ആ മഹാത്മാവിന് ഒന്നുമാത്രമേ വേണ്ടിയിരുന്നുള്ളൂ – മലങ്കരസഭയുടെ ആദിമകാലം മുതലുള്ള ഉൾഭരണസ്വാതന്ത്ര്യവും സ്വയംശീർഷകത്വവും. ഇത് നിലനിർത്തിക്കൊണ്ടുള്ള പാത്രിയർക്കീസിന്റെ ആത്മീയാധികാരത്തിന് ഒരിക്കലും തിരുമേനി എതിരായിരുന്നില്ല. അന്ത്യോഖ്യാ പാത്രിയർക്കീസിനെ മലങ്കരയിൽ നിന്നും പുറത്താക്കുക എന്നതായിരുന്നില്ല വട്ടശ്ശേരിൽ തിരുമേനിയുടെ ലക്ഷ്യം. പാരമ്പര്യത്തിനും ചരിത്രത്തിനും അനുരൂപമാംവണ്ണം മലങ്കരയ്ക്കുള്ളത് മലങ്കരയ്ക്കും പാത്രിയർക്കീസിനുള്ളത് പാത്രിയർക്കീസിനും നൽകികൊണ്ടുള്ള സമാധാനത്തിന് എന്തു ത്യാഗവും തിരുമേനിയെ സംബന്ധിച്ചിടത്തോളം അധികമായിരുന്നില്ല.

ഈ ഭാസുര രശ്മികളായിരിക്കട്ടെ സഭയുടെ പ്രയാണത്തിലെ അന്ധകാരത്തിന്റെ നാഴികകളിലെ വഴികാട്ടി.

## സഭയുടെ അഭിമാനവും പ്രകാശഗോപുരവും

**ഫാ. ഡോ. കെ. എം. ജോർജ്**

യോഹന്നാൻ ശ്ലീഹാ തന്റെ പ്രിയനായ ഗായോസിന് എഴുതുകയാണ് "എന്റെ മക്കൾ സത്യത്തിൽ നടക്കുന്നു എന്നു കേൾക്കുന്നതിനേക്കാൾ വലിയ സന്തോഷം എനിക്ക് ഇല്ല" (3 യോഹ. 4). നമ്മുടെ സഭയുടെ അഭിമാനവും പ്രകാശഗോപുരവുമായിരുന്ന വട്ടശ്ശേരിൽ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിന് നാം ഒരുങ്ങുമ്പോൾ സത്യത്തെക്കുറിച്ചുള്ള ഈ വചനം പ്രത്യേകം പ്രസക്തമായി എനിക്ക് തോന്നുന്നു. നമ്മുടെ സഭയുടെ സ്വാതന്ത്ര്യത്തിനും ഐക്യത്തിനും വേണ്ടി നിരന്തരമായ ആത്മീക-ഭൗതിക സമരങ്ങളിൽ ഏർപ്പെട്ടിരുന്ന ഈ പരിശുദ്ധ പിതാവിനെ മോശയോടാണ് നമ്മുടെ ചരിത്രകാരന്മാർ ഉപമിക്കുന്നത്. വട്ടശ്ശേരിൽ തിരുമേനിക്ക് വളരെ പ്രിയങ്കരനായ ഒരു ചരിത്രപുരുഷനുമായിരുന്നു മോശ. ഈജിപ്തിലെ അടിമയിൽ നിന്ന് യിസ്രായേൽ ജനത്തെ വിമോചിപ്പിച്ച മോശ, യിസ്രായേലിന് തനിമയും സ്വാതന്ത്ര്യവും നൽകിയ മോശ, നൂറ്റാണ്ടുകളായി മർദ്ദിതരുടെയും ചൂഷിതരുടെയും പ്രിയ നായകനാണ്. മനുഷ്യ വിമോചനത്തിനായി പൊരുതുന്ന എല്ലാവർക്കും മോശ ആദർശ പുരുഷനാണ്. ഏതാണ്ട് 3500 വർഷങ്ങൾക്ക് മുമ്പ് നൈൽ നദിയുടെ സസ്യശ്യാമളമായ തീരങ്ങളിൽ നിന്ന് അടിമത്തത്തിലാണ്ട ഒരു ജനതയെ അദ്ദേഹം വിടുവിച്ചുകൊണ്ടുവന്നു. അറേബ്യയിൽ ഊഷരമായ മരുഭൂമികളിൽ യിസ്രായേൽ അലഞ്ഞു നടന്നപ്പോൾ മോശ അവർക്കു നായകനായിരുന്നു. അവസാനം വാഗ്ദത്ത ഭൂമിയുടെ വിദൂരമായ ദർശനം നൽകി മോശ അവരോട് യാത്ര പറഞ്ഞു.

ഈ 20-ാം നൂറ്റാണ്ടിലും എല്ലാ വിമോചനപ്രസ്ഥാനങ്ങൾക്കും ആവേശം പകരുന്ന ഒരു സംഭവമാണ് മോശയും യിസ്രായേൽ ജനതയുടെ പുറപ്പാടും. അമേരിക്കയിലെ കറുത്ത വർഗ്ഗക്കാർക്കും സൗത്ത് ആഫ്രിക്കയിൽ വർണ്ണ വിവേചനം അനുഭവിച്ചുകൊണ്ടിരിക്കുന്ന ജാതികൾക്കും ലത്തീൻ അമേരിക്കയിൽ വിമോചന ദൈവശാസ്ത്രം ഉന്നയിച്ച നേതാക്കന്മാർക്കും എല്ലാം തന്നെ മോശ പ്രചോദനകേന്ദ്രമായിരുന്നു. Let my people go എന്ന് മുഴങ്ങുന്ന ആധുനിക വിമോചനഗീതം നൂറ്റാണ്ടുകൾ താണ്ടിയെത്തിയത് മോശയിൽ നിന്നാണ്. വട്ടശ്ശേരിൽ തിരുമേനിയുടെ സ്വാവബോധം (Self awareness) എന്തായിരുന്നുവെന്ന് ചോദിച്ചാൽ അത് മോശയുടെ പ്രതിരൂപത്തോട് താദാത്മ്യം പ്രാപിക്കുന്നതിനുള്ള ആഗ്രഹമായിരുന്നു. വട്ടശ്ശേരിൽ തിരുമേനിയുടെ കൃതികൾ വായിക്കുമ്പോൾ നമുക്ക് വ്യക്തമാകുന്ന ഒരു സംഗതിയാണത്. അടിമത്തത്തിലാണ്ട ജനതയെ വിടുവിക്കാനുള്ള വലിയ നിയോഗം ദൈവത്തിൽ നിന്നു പ്രാപിച്ച ആ മനുഷ്യന്റെ അദമ്യമായ ആഗ്രഹം അതായിരുന്നു: സ്വാതന്ത്ര്യം, സത്യം, നീതി.

അദ്ദേഹം മാർ ഏലിയാ കത്തീഡ്രലിൽ ചെയ്ത ഒരു പ്രസംഗത്തിന്റെ ഒരു ഭാഗം ഞാൻ ഉദ്ധരിക്കുകയാണ്. മോശയുടെ വടിയും കർത്താവിന്റെ കുരിശും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണ് അദ്ദേഹം സംസാരിക്കുന്നത്. "മോശയുടെ വടി സ്ലീബായുടെ മുൻകുറി ആയിരുന്നു. യിസ്രായേൽ ജനം ഫറവോന്റെ



അടിമയിൽ കിടന്ന് വളരെ കഷ്ടപ്പെടുമ്പോൾ അവരെ രക്ഷിക്കാനായി ദൈവം മോശയെ അയച്ചപ്പോൾ ഫറവോനോട് എതിർക്കാനായി സൈന്യത്തെക്കൂടി മോശയോടുകൂടി അയച്ചില്ല. പകരം ഒരു വടിയാണ് മോശയ്ക്ക് കൊടുത്തത്. അത് സാധാരണ വടി മാത്രമായിരുന്നു. ആട്ടിടയന്മാർ ഉപയോഗിക്കുന്ന വടി. മോശ ഒരു ആട്ടിടയനായിരുന്നുവല്ലോ. ആ ജോലിക്കായി അവന്റെ കൈവശമിരുന്ന വടി തന്നെയായിരുന്നു അത്. ദൈവം അതിനെ അനുഗ്രഹിച്ച് മോശയ്ക്കു കൊടുത്തു. യിസ്രായേൽ ജനത്തെ രക്ഷിക്കുന്നതിനായി അയച്ച മോശയ്ക്ക് അതിനുള്ള ആയുധമായി ദൈവം കൊടുത്തത് ഒരു വടി മാത്രമായിരുന്നു." ഒറ്റ കേൾവിയിൽ വളരെ ലളിതമായിട്ടു തോന്നുന്ന ഈ വാചകത്തെക്കുറിച്ച് വളരെ ആഴമായ ഒരു വ്യാഖ്യാനം നൽകുന്നതിന് നമുക്ക് സാധിക്കും. അതിലേക്കു കടക്കാതെ ആ വാചകം മാത്രം ശ്രദ്ധയിൽപെടുത്തുകയാണ്. യിസ്രായേലിന്റെ വിമോചനത്തെക്കുറിച്ച് ചിന്തിക്കുമ്പോളെല്ലാം അഭിവന്ദ്യനായ തിരുമേനിയുടെ മനസ്സിൽ ഓളം വെട്ടിയിരുന്നത് മലങ്കരസഭയുടെ പുറപ്പാടും സ്വാതന്ത്ര്യവും വാഗ്ദത്ത ഭൂമിയിലേക്കുള്ള അതിന്റെ പ്രവേശനവുമാണ്. അതുകൊണ്ട് ഒന്നിനെയും ഭയപ്പെടാതെ മോശയുടെ വഴിയിൽ അതായത് യേശുക്രിസ്തുവിന്റെ കുരിശിൽ ആശ്രയിക്കുന്ന ഒരു മലങ്കരസഭയെയാണ് അദ്ദേഹം ദർശിച്ചത്.

ഒരു ഉദ്ധരണി കൂടി ഞാൻ എടുക്കുകയാണ്. "കുരിശ് എന്നു പറയുന്നത് വിനയത്തിന്റെയും ക്ഷമയുടെയും ലക്ഷ്യമാകുന്നു. എന്നാൽ മറ്റുള്ളവർ പറയുന്നത് എന്തും അനുസരിക്കുക എന്നുള്ളത് വിനയവും ക്ഷമയുമല്ല. നമ്മുടെ കർത്താവിനോട് പരീശന്മാരും ശാസ്ത്രികളും നീ ദൈവപുത്രനല്ല, നീ മനുഷ്യരെ വഞ്ചിക്കുകയാണ് ചെയ്യുന്നതെന്നു പറഞ്ഞപ്പോൾ അതെ, ഞാൻ ദൈവപുത്രനല്ല മനുഷ്യരെ വഞ്ചിക്കുകയാണ് ചെയ്യുന്നതെന്ന് അനുസരണത്തോടെ താൻ

*(ശേഷം 2-ാം പേജിൽ)*


**അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി**

** പ. വട്ടശ്ശേരിൽ ദീവന്നാസ്യോസ്**
**അനുസ്മരണ സെമിനാർ**

**തീയതി: 17 - 2 - 2008 ഞായർ സമയം – 4 P. M.**

**സ്ഥലം: ബോധിനിലയം, Y M C A, കോട്ടയം**

**മുഖ്യ പ്രഭാഷണം:**

**ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ**

**പ്രഭാഷണം: ഫാ. ജോൺ ചിറത്തിലാട്ട്** (വികാരി, പുതുപ്പള്ളി സെന്റ് ജോർജ്ജ് പള്ളി)

**എല്ലാ സഭാസ്നേഹികളെയും സ്വാഗതം ചെയ്യുന്നു.**

## മലങ്കരസഭാ ഭാസുരൻ

**പ. വട്ടശ്ശേരിൽ തിരുമേനി ജീവിച്ചിരുന്നപ്പോൾത്തന്നെ ജനം നൽകിയ ബഹുമതിയാണ് മലങ്കരസഭാ ഭാസുരൻ. സഭാസമാധാന ചർച്ചകൾക്കായി മർദീനിൽ പോയ സമയം കുന്നകുളം എ. ആർ. പി. പ്രസിൽ പുലിക്കോട്ടിൽ ജോസഫ് ശെമ്മാശൻ തിരുമേനിയുടെ ചിത്രമുള്ള ഒരു കലണ്ടർ അച്ചടിച്ചു. മറ്റൊരു തലവാചകമാണ് ശെമ്മാശൻ നൽകിയത്. ഇതു കണ്ട മഹാകവി വള്ളത്തോൾ ആരാണെന്നു തിരക്കുകയും തുടർന്ന് ശെമ്മാശന്റെ തലവാചകം 'മലങ്കരസഭാ ഭാസുരൻ' എന്ന് ഭേദപ്പെടുത്തുകയും ചെയ്തു.**

**പ. വട്ടശ്ശേരിൽ തിരുമേനി മടങ്ങിയെത്തുന്നതിനു മുമ്പുതന്നെ ഈ ചിത്രവും 'മലങ്കരസഭാ ഭാസുരൻ' എന്ന ബഹുമതി നാമവും മലങ്കരയിലെങ്ങും പരന്നിരുന്നു. റാവുസാഹിബ് ഒ. എം. ചെറിയാന്റെ പ്രസംഗ പര്യടനങ്ങൾ കൂടി കഴിഞ്ഞതോടെ ഈ പേര് സ്ഥിരപ്രതിഷ്ഠ നേടി.**

# സഭയുടെ അഭിമാനവും പ്രകാശഗോപുരവും

*(ഒന്നാം പേജിൽ നിന്നും)*

പറഞ്ഞില്ല. അങ്ങനെ താൻ പറഞ്ഞിരുന്നു എങ്കിൽ അത് സാക്ഷാൽ വിനയം ആകുകയും ഇല്ലായിരുന്നു. കഷ്ടത സഹിക്കാനായി താൻ അങ്ങനെ പറയാമെന്ന് വച്ചുമില്ല. സത്യത്തിനും നീതിക്കും വേണ്ടി കഷ്ടത സഹിക്കുവാൻ തയാറാകുന്നതാണ് കുരിശ്. സത്യത്തിനും നീതിക്കും വേണ്ടി എന്തു കഷ്ടത വന്നാലും ഞാൻ സഹിച്ചുകൊള്ളാമെന്ന മനഃസ്ഥിതിയിലാണ് വിനയവും ക്ഷമയും അടങ്ങിയിരിക്കുന്നത്." തിരുമേനിയുടെ കാതലായ സ്വഭാവത്തിന്റെ ചില വശങ്ങളും ചില ധ്വനികളും നമുക്ക് ഇവിടെ ലഭിക്കുന്നു.

കാപട്യമില്ലാത്ത നിർഭയമായ ആന്തരിക വിനയം കാണിക്കുന്ന ഒരു വ്യക്തിയായിരുന്നു അദ്ദേഹമെന്ന് അദ്ദേഹത്തിന്റെ സമകാലീനർ സാക്ഷിക്കുന്നു. പിൻതലമുറയിലെ കൃതികൾ വായിക്കുമ്പോൾ നമുക്ക് മനസ്സിലാകുന്നത് അതാണ്. ആരുടെയെങ്കിലും പാദസേവ ചെയ്ത് സ്വന്തം കാര്യം നേടുന്നതിനു വേണ്ടി മുഖസ്തുതി പറയുന്നതിനും, സ്വന്തം സ്ഥാനം നഷ്ടപ്പെടുമെന്നുള്ള ഭയം നിമിത്തം അതിവിനയം കാണിക്കുന്നതിനും ഒരിക്കലും ആ തിരുമേനി സന്നദ്ധനായിരുന്നില്ല. അതുകൊണ്ടു തന്നെ അദ്ദേഹത്തെ അഹങ്കാരിയെന്നും തന്നിഷ്ടക്കാരനെന്നും ശത്രുക്കൾ മാത്രമല്ല കൂടെനിന്ന ആളുകൾ പോലും ചിലപ്പോൾ പറഞ്ഞിട്ടുണ്ട്. പക്ഷേ, ആ ഹൃദയത്തിന്റെ ആഴം പലരും മനസ്സിലാക്കിയില്ല എന്ന് മാത്രമേയുള്ളൂ. എന്നാൽ മലങ്കരസഭയുടെ സമാധാനത്തിനു വേണ്ടി, ഇവിടെ സ്വതന്ത്രവും ക്രമീകൃതവുമായ ഒരു സഭ ഉണ്ടാക്കുന്നതിനു വേണ്ടി, ഭൂമിയോളം താഴാൻ അദ്ദേഹം തയ്യാറായിട്ടുണ്ട്. അദ്ദേഹത്തിന്റെ മർദ്ദീൻ യാത്രയിൽ അതിനുവേണ്ടിയുള്ള ഒരുക്കവും അവിടെ ചെന്ന് പാത്രിയർക്കീസിനോടു പറഞ്ഞ കാര്യങ്ങളും വായിച്ചാൽ അദ്ഭുതപ്പെട്ടുപോകും. ഈ പുറമെ ധാർഷ്ട്യം കാണിക്കുന്ന അഹങ്കാരിയെന്നു വിളിക്കപ്പെട്ടിരുന്ന മനുഷ്യനാണോ തന്റെ സഭയ്ക്കുവേണ്ടി ഇങ്ങനെ സംസാരിക്കുന്നതെന്ന് നമുക്ക് അദ്ഭുതം തോന്നും. അപ്പോൾ മലങ്കരസഭയുടെ നന്മയും സമാധാനവും മാത്രമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അതിനുവേണ്ടി സ്വന്തം സ്ഥാനം ത്യജിക്കാൻ എപ്പോഴും തയാറായിരുന്നു; അത് വെറുമൊരു പൊള്ളവാക്ക് അല്ല. ഭംഗിവാക്ക് അല്ല അദ്ദേഹം പറഞ്ഞിരുന്നത്. അദ്ദേഹം യഥാർത്ഥമായിട്ട് അങ്ങനെ തന്നെ തയാറായിരുന്നു. സത്യത്തിനും നീതിക്കും വേണ്ടിയുള്ള ഈ വിട്ടുവീഴ്ചയില്ലാത്ത നിലപാട് മാർ ദീവന്നാസ്യോസിന്റെ കാതലായ സ്വഭാവമായിരുന്നു. വാളു വച്ച് കഴുത്തറത്താലും താനും തന്റെ സഹോദര മെത്രാപ്പോലീത്തന്മാരും മലങ്കരസഭയുടെ സ്വാതന്ത്ര്യത്തെ ഹനിച്ചുകൊണ്ടുള്ള ഒരു സമാധാനത്തിന് തയ്യാറാകുകയില്ല എന്നദ്ദേഹം പാത്രിയർക്കീസിനോട് നേരിട്ട് പറഞ്ഞു. അതിനദ്ദേഹം കഷ്ടതകൾ സഹിക്കുകയും ചെയ്തു. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ ചരമപ്രസംഗത്തിൽ പ. ഗീവർഗീസ് ദ്വിതീയൻ ബാവാ പറഞ്ഞത് വട്ടശ്ശേരിൽ തിരുമേനി മലങ്കരസഭയുടെ മൗദ്യോനോ ആണെന്ന്. Confessor. അതായത് കർത്താവിനുവേണ്ടി സാക്ഷ്യം വഹിക്കുകയും കഷ്ടത അനുഭവിക്കുകയും എന്നാൽ കൊല്ലപ്പെടാതെ സ്വാഭാവിക മരണം പ്രാപിക്കുകയും ചെയ്യുന്ന ആളാണ് മൌദ്യോനോ. ഈ തിരുമേനി 20-ാം നൂറ്റാണ്ടിലെ സഭയുടെ കൺഫെസർ ആയിരുന്നു, മൗദ്യോനോ ആയിരുന്നു എന്നുള്ളതാണ് വാസ്തവം.

പാത്രിയർക്കീസുമായി സംസാരിച്ച് ഇവിടെ അനുരഞ്ജനമുണ്ടാക്കുന്നതിനു വേണ്ടിയുള്ള മഹത്തായ മർദ്ദീൻ യാത്രയ്ക്ക് ഒരുങ്ങുന്നതിനു മുമ്പ്, അദ്ദേഹം കുണ്ടറ സെമിനാരിയിൽ വച്ചു ചെയ്ത പ്രസംഗം വളരെ ഹൃദയസ്പർശിയാണ്. അന്നുണ്ടായിരുന്ന ചില ഊഹാപോഹ ങ്ങളെക്കുറിച്ച് അദ്ദേഹം തന്നെ പറയുന്നുണ്ട്. ഈ വാർദ്ധക്യകാലത്ത് ഈ മനുഷ്യൻ വിദേശത്തേയ്ക്ക് പോകുന്നതിന്റെ കാരണം കേസി ൽ തോറ്റതിലുള്ള ദുഃഖം മറക്കുന്നതിനു വേണ്ടിയുള്ള ഒരു വിദേശ സഞ്ചാരമാണെന്ന് ചില ആളുകൾ പറഞ്ഞു. മറ്റു ചിലർ പറ ഞ്ഞു, ഇദ്ദേഹം ഇവിടെനിന്ന് രക്ഷപെട്ട് ശീമ യിൽ പോയി ശിഷ്ടായുസ് കഴിക്കുവാൻ വേ ണ്ടി പോകുകയാണ്. വേറെ ചിലർ പറഞ്ഞു, ഇദ്ദേഹം പാത്രിയർക്കീസിനെ പോയി കണ്ടിട്ട്, അവിടെ അദ്ദേഹത്തെ കാര്യങ്ങൾ പറഞ്ഞ് ബോദ്ധ്യപ്പെടുത്തുവാൻ സാധിച്ചില്ലെങ്കിൽ മറ്റേതെങ്കിലും ഒരു കിഴക്കൻ സഭയിൽ നമ്മുടെ സഭയെ ചേർക്കുന്നതിനുവേണ്ടിയാണ് പോകുന്നതെന്ന്. എന്നിട്ട് അദ്ദേഹം തന്നെ വ്യക്തമായി തന്റെ യാത്രയുടെ ലക്ഷ്യം വിശ ദമാക്കുകയും ചെയ്യുന്നുണ്ട്. ഞാനിത് പറഞ്ഞ ത്, നമ്മുടെ സഭ രണ്ടായി കഴിഞ്ഞു, നമ്മുടെ സഭ രണ്ടായിട്ട് നിൽക്കണം, രണ്ടായി തുടർ ന്നാൽ തരക്കേടില്ല, രണ്ടാക്കിവേണം സമാധാ നമുണ്ടാക്കാൻ എന്നൊക്കെ ധാരാളം പേർ പറയുന്നുണ്ട്. എന്നാൽ എന്തായിരുന്നു വട്ടശ്ശേരിൽ തിരുമേനിയുടെ മനസ്സിലിരുന്നത് എന്നുള്ളത് അറിയാൻ ഒരു ഉദ്ധരണി കൂടി ഞാൻ എടുക്കുകയാണ്. അദ്ദേഹത്തിന്റെ അന്ത്യസന്ദേശത്തിൽ നിന്നാണ് ഈ വാചകം: "ചെറിയ ആട്ടിൻകൂട്ടമാകുന്ന നമ്മുടെ പാവപ്പെട്ട സഭ ഛിന്നഭിന്നമായി തീരാതിരിക്കാനായി സകല വാശികളും വഴക്കുകളും ഉപേക്ഷിച്ചും സഭയുടെ യോജിപ്പിനായി യഥാർത്ഥമായ സ്വാർത്ഥ പരിത്യാഗത്തോടു കൂടിയും സർവ്വാത്മനാ പ്രയത്നിക്കണമെന്നുള്ളതു ദൈവസന്നിധിയിൽ നിങ്ങളുടെ സർവപ്രധാനമായ ചുമതലയായി നമ്മുടെ പ്രിയ മക്കളിൽ ഓരോരുത്തരും സ്വീകരിക്കണമെന്നു നമ്മുടെ അവസാന ശ്വാസത്തോടുകൂടി നാം പ്രബോധിപ്പിച്ചുകൊള്ളുന്നു."

വളരെയേറെ ദൂരെയുള്ള, നമ്മളുമായി യാതൊരു സാംസ്ക്കാരികമായ ബന്ധമോ ഭാഷാപരമായ ബന്ധമോ ഒന്നുമില്ലാത്ത സഭകളുമായിട്ട് ബന്ധം ഊട്ടിഉറപ്പിക്കുവാൻ ശ്രമിക്കുന്നതോടൊപ്പം, അതിനേക്കാൾ പ്രധാനമായിട്ടുള്ളത് ഇവിടെയുള്ള നമ്മുടെ സഹോദരീ സഭകളോട് സ്നേഹബന്ധം പുലർത്തി യഥാർത്ഥമായ സംസർഗ്ഗത്തിലേക്കു വരിക എന്നുള്ളതാണ്. അതൊരു റാഡിക്കൽ സ്റ്റേറ്റ്മെന്റാണ്. പക്ഷേ, അതിന്റെ പുറകിൽ ഒരു സംഗതിയുണ്ട്.

ഞാനാ റാഡിക്കൽ സ്റ്റേറ്റ്മെന്റ് മനസ്സിൽ വച്ചുകൊണ്ട് വട്ടശ്ശേരിൽ തിരുമേനിയുടെ കൃതികൾ വായിച്ചപ്പോൾ അന്ത്യശാസനത്തിൽ അദ്ദേഹം പറയുന്നു (ഏറ്റവും പ്രധാനപ്പെട്ടതേ അപ്പോൾ പറയൂ). "ഒരേ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുമുള്ള മാംസവുമെങ്കിലും നമ്മുടെ സഭയിൽ നിന്നും പിരിഞ്ഞുപോയിട്ടുള്ള സഹോദരീ സമുദായങ്ങളുമായി യോജിപ്പുണ്ടാക്കണമെന്ന് നമ്മുടെ ഹൃദയത്തിന്റെ അഗാധത്തിൽ വളരെക്കാലമായി വേരൂന്നിയിരുന്ന ആഗ്രഹം സഫലീഭവിപ്പിക്കാനായി സർവ്വപ്രകാരേണ പരിശ്രമിക്കണമെന്നുള്ളതും നമ്മുടെ അവസാനശ്വാസത്തോടുകൂടി നിങ്ങളെ നാം ഭരമേൽപ്പിക്കുന്ന ഒരു ചുമതലയും ഭാരവുമായി നിങ്ങൾ സ്വീകരിക്കണമെന്നു നാം ആഗ്രഹിക്കുന്നു."

ഭാരതീയവും അപ്പോസ്തോലികവും പൗരസ്ത്യവുമായ നമ്മുടെ സഭയുടെ ദർശനം ഈ കൊച്ചുസഭയിൽ മാത്രം ഒതുക്കി നിർത്താനുള്ളതല്ല. ഇന്ത്യയിൽ, കേരളത്തിൽ മാർത്തോമ്മാശ്ലീഹായുടെ നാമം വഹിക്കുന്ന എല്ലാ ക്രിസ്ത്യാനികളെയും ഈ വലിയ ദർശനത്തിന്റെ കാഴ്ചപ്പാടിൽ കൊണ്ടുവന്ന് ഈ വലിയ ക്യാൻവാസിൽ വരയ്ക്കുന്ന ചിത്രത്തിൽ ഉൾപ്പെടുത്തുവാൻ നമുക്ക് സാധിക്കും. അവിടെയാണ് നമ്മുടെ Christian Vocation. അവിടെയാണ് നമ്മുടെ സഭയുടെ അതുല്യമായ മേന്മയും ഉത്തരവാദിത്തവും ചുമതലയും നാം കാണേണ്ടത്. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ. ഈ പരിശുദ്ധന്റെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.

**(1996 – ലെ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് അനുസ്മരണ പ്രഭാഷണത്തിലെ പ്രസക്ത ഭാഗങ്ങൾ. സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്)**

# അൽമായവേദിയുടെ അടിത്തറയും ആശയും ആവേശവും

### ഫീലിപ്പോസ് പോട്ടയ്ക്കാവയലിൽ

1995-ലെ സുപ്രീംകോടതി ഉത്തരവിനു ശേഷം സഭാനേതൃത്വത്തിലെ നിസംഗതയും ലക്ഷ്യബോധമില്ലാത്ത സഭാ നടത്തിപ്പിലും മനംനൊന്ത് രൂപപ്പെട്ട സാധാരണ വിശ്വാസികളുടെ സംഘടനയാണ് അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി.

ഞങ്ങളുടെ ലക്ഷ്യം പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി വിഭാവനം ചെയ്ത സ്വതന്ത്ര ദേശീയസഭ എന്ന സത്യം തന്നെ. ഇന്നും ഈ സംഘടന നിലനിൽക്കുന്നത് ആ പ. കബറിടത്തിലെത്തി മദ്ധ്യസ്ഥത യാചിക്കുന്നതുകൊണ്ടു മാത്രമാണ്. ആ ദിവ്യശക്തിയുടെ പ്രതിഫലനം ഒന്നു മാത്രമാണ് ഉന്നതന്മാരുടെ സഭാവിരുദ്ധ നിലപാടുകളെ ചൂണ്ടിക്കാട്ടാനുള്ള ആർജ്ജവം. പ. പിതാവിനെയും വിഷമഘട്ടങ്ങളിൽ ചിലപ്പോഴെങ്കിലും ചില അത്മായപ്രമുഖരും, മെത്രാന്മാരും വ്യണപ്പെടുത്തിയിട്ടുണ്ട്. എങ്കിലും നിർണ്ണായകഘട്ടങ്ങളിൽ അവർ പ. പിതാവിന്റെ കരങ്ങൾക്ക് ശക്തി പകർന്നിരുന്നു. വൃദ്ധത ചൂഷണം ചെയ്യുന്നവരും നന്നേ കുറവായിരുന്നു. പക്ഷേ, തുടർന്നുവന്ന പ്രഗൽഭമതികളായ മലങ്കര മെത്രാന്മാരുടെ വൃദ്ധത ചൂഷണം ചെയ്യപ്പെട്ടു. ഇന്നും ആ നില തുടരുന്നു. അതുകൊണ്ടു തന്നെ പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി പ്രാർത്ഥിച്ചും പ്രവർത്തിച്ചും നിലനിർത്തിയ സഭയേയും സ്ഥാപനങ്ങളെയും നിലനിർത്താനാവാതെ നട്ടംതിരിയുന്ന തുടർക്കഥയായി സഭാപ്രശ്നം തുടരുന്നു.

പരിശുദ്ധ പ്രഖ്യാപനശേഷവും പെരുന്നാൾ ഭംഗിയാക്കാതിരിക്കാനുള്ള നീക്കങ്ങൾ നടന്നു. കോട്ടയം പട്ടണം പോലും അറിയാതെ ഓർമ്മപ്പെരുന്നാൾ ചുരുക്കിയതിൽ മനംനൊന്ത് അൽമായവേദി പ്രവർത്തകർ പ. കബറിങ്കൽ പ്രാർത്ഥിച്ചശേഷം കോട്ടയം ഏലിയാ കത്തീഡ്രലിൽ നിന്ന് ഒരു പദയാത്രയ്ക്ക് തയ്യാറായി. സഭയുടെ പ്രാദേശിക നേതാക്കൾ ആ തീരുമാനത്തിന് തുരങ്കം വച്ചു. പദയാത്രാദിനം ഏലിയാ കത്തീഡ്രലിന്റെ ഇരു കവാടങ്ങളും ബന്ധിക്കപ്പെട്ടു. പ്രഥമ സംരംഭത്തെ പ്രാർത്ഥിച്ച് ആശീർവദിച്ച് ആരംഭം കുറിക്കാം എന്ന് ഏറ്റ അഭിവന്ദ്യ ഗബ്രിയേൽ റമ്പാനെ ചിലർ ഭീഷണിപ്പെടുത്തി വിലക്കി, നോട്ടീസ് പ്രചരിപ്പിച്ച് ക്രമീകരിച്ച പരിപാടി കലക്കി. സംഘാടകർ പരിശുദ്ധ പിതാവിന്റെ കബറിങ്കലെത്തി പ്രാർത്ഥിച്ചു. ആ സമയം ഒരപരിചിതൻ പറഞ്ഞു, വട്ടശ്ശേരിൽ തിരുമേനിയെ ഏറ്റവും ആദരിക്കുന്ന മക്കാറിയോസ് തിരുമേനി കോട്ടയത്തുണ്ട്. ഞങ്ങൾ അദ്ദേഹത്തെ കാണാൻ ചെന്നു. തിരുമേനി മറ്റേതോ പ്രോഗ്രാമിലായിരുന്നു. ഞങ്ങൾ നിരാശരായി മടങ്ങി. അപമാനഭാരത്താൽ ആ രാത്രി ഉറങ്ങാൻ പറ്റിയില്ല. പിറ്റേന്നു രാവിലെ കോട്ടയത്തിന്റെ വിവിധ മേഖലയിൽ താമസ്സിക്കുന്ന ഞങ്ങളിൽ നാലുപേർ മക്കാറിയോസ് തിരുമേനിയുടെ അടുത്ത് എത്തി, സങ്കടം തിരുമേനിയെ ഉണർത്തിച്ചു. "ഇതു നല്ല കാര്യമാ. ഞാൻ വരാം." എന്ന് ആ സ്നേഹനിധിയായ പിതാവ് സമ്മതിച്ചു. കൃത്യം മൂന്നു മണിക്ക് തിരുമേനി എത്തി. പക്ഷേ, ഏലിയാ കത്തീഡ്രലിന്റെ കവാടങ്ങൾ ചങ്ങലയാൽ ബന്ധിച്ചിരുന്നതിനാൽ തിരുമേനി മടങ്ങിപ്പോയി. വിവരമറിഞ്ഞ ഞങ്ങൾ വീണ്ടും തിരുമേനിയെ പോയി കണ്ട് കൂട്ടിവന്നു. എം. ഡി. കൊമേഴ്സ്യൽ സെന്ററിന്റെ പരിയംപുറത്ത് ചന്ദനപ്പള്ളി സെറ്റിന്റെ പഞ്ചാരിമേളം കൊഴുക്കുന്നു. ജനം തിരക്കു കൂട്ടുന്നു. അഭിവന്ദ്യ മക്കാറിയോസ് തിരുമേനി പെരുവഴിയിൽ വച്ച് പ. വട്ടശ്ശേരിൽ പിതാവിന്റെ കബറിടത്തിലേക്കുള്ള, കേവലം അറുപതുപേരു മാത്രമുള്ള പദയാത്രയെ ആശീർവദിച്ചയച്ചു. "മക്കളെ, ഇതു നിങ്ങൾ തുടരണം. ആരെതിർത്താലും ഉത്തരോത്തരം ഇതു വളരും. പ. പിതാവിന്റെ കാവലും പ്രാർത്ഥനയും നിങ്ങളെ ശക്തീകരിക്കട്ടെ" എന്ന് ആശംസിച്ചു. ചില സമുദായ പ്രമാണികളും, ജീവനക്കാരും തീർത്ഥാടകരുടെ കണക്കെടുക്കാൻ എത്തിയിരുന്നു. പദയാത്രികർ പഴയസെമിനാരി കവാടത്തിലെത്തിയപ്പോൾ തീർത്ഥാടകരെ സ്വീകരിക്കുമെന്നു പറഞ്ഞിരുന്ന മാനേജരച്ചനേയും കണ്ടില്ല. വിശ്വാസികൾ കബറിങ്കൽ കയറി പ്രാർത്ഥനയ്ക്ക് ഒരുങ്ങി. ചില മെത്രാന്മാരും, ചില വൈദികരും മേളത്തിൽ ലയിച്ചു. മറ്റു ചിലർ പിറുപിറുത്തു. 'മക്കളെ പ്രാർത്ഥനയ്ക്ക് ഞാൻ വരാം.' സാക്ഷാൽ നിയുക്ത ബാവാ (പ. ദിദിമോസ്സ് പ്രഥമൻ ബാവാ) പ്രാർത്ഥിച്ചാശീർവദിച്ചു. തുടർന്ന് മാനേജരച്ചനോട് കല്പിച്ചു. 'ഇവർക്ക് കാപ്പി നല്കിയേ അയക്കാവൂ.' അന്നനുഭവിച്ച മാനസ്സിക ഉല്ലാസവും, സംതൃപ്തിയും എങ്ങനെ പ്രകടിപ്പിക്കും. പ. വട്ടശ്ശേരിൽ തിരുമേനി ഞങ്ങൾക്കൊപ്പം ഉണ്ട് എന്ന വിശ്വാസം ഇപ്പോഴും ഞങ്ങളെ ഭരിക്കുന്നു.

എന്തായാലും തുടർന്നുള്ള വർഷം ഏലിയാ കത്തീഡ്രലിന്റെ കവാടങ്ങൾ മലക്കെ തുറക്കപ്പെട്ടു. തീർത്ഥയാത്ര പ്രാർത്ഥിച്ച് ആശീർവദിച്ച് ഒപ്പം കാൽനടക്കായി സഭയിലെ പിതാക്കന്മാർ എത്തി. 60 പേരിൽ തുടങ്ങിയ പദയാത്ര 2500 പേർ സംബന്ധിക്കുന്നതായി. തൊട്ടടുത്ത വർഷം വിവിധ പ്രദേശത്തെ പള്ളികളെ ഏകോപിപ്പിച്ച് തീർത്ഥയാത്ര സംഘങ്ങൾ രൂപീകരിക്കാൻ പുതിയ മാനേജരച്ചൻ കാട്ടിയ ഉത്സാഹം പ്രശംസനീയം തന്നെ. അൽമായവേദി വൈസ് പ്രസിഡണ്ട് പാമ്പാടിയിൽ നിന്ന് കഴിഞ്ഞ വർഷം ആരംഭിച്ച കാൽനടയാത്ര ഇത്തവണ പി. സി. യോഹന്നാൻ റമ്പാൻ ഏറ്റെടുത്തതും സന്തോഷം ഉളവാക്കുന്നു.

ഈ കാലഘട്ടത്തിലെ നമ്മുടെ പിതാക്കന്മാർക്കും പ. വട്ടശ്ശേരിൽ തിരുമേനിയുടെ സഭാദർശനവും, വീക്ഷണവും, ദീർഘദൃഷ്ടിയും ഉണ്ടാകാൻ പരിശുദ്ധ പിതാവിന്റെ മദ്ധ്യസ്ഥത സഹായകമാകട്ടെ എന്നു പ്രാർത്ഥിക്കാം.

സഭയിൽ പ്രായത്തിൽ കുറഞ്ഞതും, വടക്കൻ പ്രദേശത്തെ പ്രതിനിധീകരിക്കത്തക്ക ഒരു നിയുക്ത കാതോലിക്കാ ഉണ്ടായിക്കാണാൻ പ. വട്ടശ്ശേരിൽ തിരുമേനിയുടെ കബറിടത്തിൽ എത്തി പ്രാർത്ഥിച്ചും പ്രവർത്തിച്ചും ആഗ്രഹം നിറവേറ്റി. എന്നാൽ മാനേജിംഗ് കമ്മറ്റിഹാൾ വിട്ടു വന്ന മക്കാറിയോസ് തിരുമേനി അൽമായവേദി പ്രവർത്തകരുടെ അടുത്തുവന്നു പറഞ്ഞു "നിങ്ങൾ ജയിച്ചു. ഞാൻ തോറ്റു. എന്റെ പ്രശ്നം തീർന്നു. നിങ്ങളുടെ പ്രശ്നം ആരംഭിച്ചു" എന്ന്. തുടർന്ന് നിയുക്ത ബാവാ ആയി മാനേജിംഗ് കമ്മറ്റി തെരഞ്ഞെടുത്ത മെത്രാപ്പോലീത്താ ഞങ്ങളുടെ സമീപം എത്തി. മക്കാറിയോസ് തിരുമേനിക്കു വേണ്ടി പ്രവർത്തിച്ച വടക്കൻ കോർഎപ്പിസ്ക്കോപ്പാ ചാടിവീണ് നിയുക്ത ബാവായെ വാരിപ്പുണർന്ന് തുരുതുരെ ചുംബിച്ചു. ഇതു കണ്ട ഞങ്ങളുടെ പ്രസ്ഥാനത്തിന്റെ പ്രസിഡണ്ട് പൊടുന്നനെ പ്രതികരിച്ചു: "ഇതാ, യൂദാസിന്റെ ചുംബനം." പ്രതീക്ഷ തകർന്നു. കാറ്റിലും കോളിലും ഉലയുന്ന സഭാനൗകയെ നയിക്കുന്ന വന്ദ്യവയോധിക ശ്രേഷ്ഠ പിതാവാകുന്ന കപ്പിത്താന്റെ കരങ്ങളെ ശക്തിപ്പെടുത്തുന്നതിനു പകരം ദുർബലപ്പെടുത്തുന്ന സഹകപ്പിത്താന്മാർ, പ. വട്ടശ്ശേരിൽ തിരുമേനിയുടെ സഭാനൗകയ്ക്കും യശസ്സിനും കളങ്കമുണ്ടാക്കി, സിറിയൻ തീരത്ത് അടുപ്പിച്ച്, പങ്കു വയ്ക്കാതിരിക്കാൻ ഈ പെരുന്നാൾ വേളയിൽ നമുക്ക് പ. പിതാവിന്റെ മദ്ധ്യസ്ഥത കോട്ടയാകട്ടെ.

**AKHILA MALANKARA ORTHODOX ALMAYA VEDHI**

**(Reg. No. K - 713/2005) Post Box No. 652, Kottayam 686 001**

**അൽമായവേദിസംബന്ധമായ കാര്യങ്ങൾക്ക് താഴെപ്പറയുന്നവരുമായി മാത്രം ബന്ധപ്പെടുക. പൊതുവായ കാര്യങ്ങൾ: കെ. വി. ഏബ്രഹാം കൊടുവത്ത് (പ്രസിഡണ്ട്) ഫോൺ: 9895561426. നയപരമായ കാര്യങ്ങൾ: തോമസ് ചാണ്ടി (ജനറൽ സെക്രട്ടറി) ഫോൺ: 9349437714. പ്രസിദ്ധീകരണം സംബന്ധിച്ച കാര്യങ്ങൾ: ഫീലിപ്പോസ് പൊട്ടക്കാവയലിൽ (എഡിറ്റർ) ഫോൺ: 9847565510. സാമ്പത്തിക കാര്യങ്ങൾ, വരിസംഖ്യ സംഭാവന മുതലായവ: ജോർജ്ജ് മാത്യു ചക്കാലപ്പറമ്പിൽ (ട്രഷറർ) ഫോൺ: 9349916816 വാർഷിക വരിസംഖ്യ - വരിസംഖ്യ മുകളിൽ കാണുന്ന മേൽവിലാസത്തിൽ M. O ആയോ Bank of Maharashtra A/c ലേക്ക് അയക്കുകയോ ചെയ്യാം.**

**അൽമായവേദി മാസിക: വാർഷിക വരിസംഖ്യ: 100 രൂപ (ഇന്ത്യയിൽ)**

സഭയുടെ ഭിത്തിയെ ബലവത്താക്കുവാനും സഭാഗാത്രത്തിന് ശക്തി പകരുവാനുമായി അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരിക്കുന്നത്.

**Almayavedi:** Printed and Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedhi, PB No. 652, Kottayam - 686001, printed at Sophia Print House, Surya Guest Line, Thekkenada, Kottayam and published from Kottayam. Editor: Philipose Pottakkavayalil Ph: 93497 54448